**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2639** **18.08.2017-ൽ മറുപടിക്ക്**

## കിഫ്ബിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന കാസർകോട് അസംബ്ലി മണ്ഡലത്തിലെ റോഡുകളും പാലങ്ങളും

| ചോദ്യം | | | മറുപടി |
|---|---|---|---|
| | **ശ്രീ. എൻ.എ.നെല്ലിക്കുന്ന്** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) | കിഫ്ബിയിൽ ഉൾപ്പെടുത്തി പുനർനിർമ്മിക്കാൻ തീരുമാനിച്ച കാസർഗോഡ് അസംബ്ലി നിയോജക മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളും പാലങ്ങളും ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് നിയോജക മണ്ഡലത്തിൽ 2016-17-ൽ കിഫ്ബി-യിൽ താഴെപ്പറയുന്ന പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്:<br>1. കല്ലടുക്ക – ചെർക്കളറോഡ് കി.മി.33/000 മുതൽ 52/194<br>2. ഓടങ്കല്ല് പാലം<br><br>കാസർഗോഡ് നിയോജക മണ്ഡലത്തിൽ 2017-18-ൽ കിഫ്ബി-യിൽ താഴെപ്പറയുന്ന പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്:<br>1. ബദിയടുക്ക -ഏത്തടുക്ക സുളപ്പദവ് റോഡ് കി.മി. 0/000 മുതൽ 20/000 വരെ<br>2. നെക്രംപാറ – അറളട്ക -പുണ്ടൂർ- നാരമ്പാടി ഏത്തടുക്ക റോഡ് കി.മി.0/000 മുതൽ 11/600 വരെ<br>3. കുമ്പണൂർ പാലം നിർമ്മാണം |
| (ബി) | ഈ റോഡുകളുടെയും പാലങ്ങളുടെയും ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | ഓടങ്കൽ പാലത്തിന് ഡി.പി.ആർ. ലഭ്യമായിട്ടുണ്ട്. |
| (സി) | ഭരണാനുമതിയും സാങ്കേതികാനുമതിയും എപ്പോൾ ലഭിക്കുമെന്ന് വ്യക്തമാക്കാമോ; | (സി) | മേൽ പ്രവൃത്തികൾക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയുടെ സൂക്ഷ്മപരിശോധനയ്ക്ക് ശേഷം മാത്രമേ സാങ്കേതികാനുമതി നൽകുന്ന വിഷയം പരിഗണിക്കുവാൻ കഴിയുകയുള്ളൂ. |

| | | | |
|---|---|---|---|
| (ഡി) | മൊഗ്രാൽപുത്തൂർ ചേരങ്കൈ കടപ്പുറം ലൈറ്റ് ഹൗസ് പള്ളം റോഡ്, മധൂർ-പട്ള-കൊല്ലങ്കാന റോഡ്, മുള്ളേരിയ-നാട്ടക്കൽ-അർളപദവ് റോഡ് എന്നീ മൂന്ന് റോഡുകൾ എത്ര ദൈർഘ്യമുള്ളതാണെന്നും ഗതാഗതയോഗ്യമാണോ എന്നും ഇവയുടെ പുനർനിർമ്മാണത്തിന് എന്ത് നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ; | (ഡി) | 1. മൊഗ്രാൽപുത്തൂർ - ചേരങ്കൈ - കടപ്പുറം ലൈറ്റ് ഹൗസ് പള്ളം റോഡ് 10.1 കി.മി.<br>കി.മി 0/500 മുതൽ 3/500 വരെ ഗതാഗത യോഗ്യമല്ല. പ്രസ്തുത ഭാഗം എസ്.എൽ.റ്റി.എഫ് പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>**2.** മധൂർ - പട്ള - കൊല്ലങ്കാന റോഡ് 10.8 കി.മി.<br>ഈ റോഡിൽ കി.മി. 0/000 മുതൽ 3/000 വരെ സുഗമമായ ഗതാഗതത്തിന് യോഗ്യമല്ല. ഈ ഭാഗത്ത് ബി.എം & ബി.സി പ്രവൃത്തി ടെണ്ടർ ചെയ്ത് എഗ്രിമെന്റ് വച്ച് പ്രവൃത്തി പുരോഗമിക്കുന്നു. കി.മി. 3/000 മുതൽ 9/000 വരെ സുഗമമായ ഗതാഗതത്തിന് യോഗ്യമല്ല. ഈ ഭാഗം എസ്.എൽ.റ്റി.എഫ് പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>**3.** മുള്ളേരിയ – നാട്ടക്കൽ - അർലപ്പദവ് റോഡ് - 13/000 കി.മി.<br>ഗതാഗതയോഗ്യമാണ്. |
| (ഇ) | കാസർകോട് മണ്ഡലത്തിലെ ശോചനീയാവസ്ഥയിലുള്ള മറ്റുറോഡുകൾ ഏതാണെന്നും അവയുടെ പുനർനിർമ്മാണത്തിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്താണെന്നും വ്യക്തമാക്കാമോ? | (ഇ) | ചെർക്കള – ജാൽസൂർ റോഡ് കി.മി.16/000 മുതൽ 39/000 വരെ ഉപരിതലം പുതുക്കുന്ന പ്രവൃത്തി.<br>പ്രസ്തുത പ്രവൃത്തി എസ്.എൽ.റ്റി.എഫ് പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ